## പോയകാലത്തെ മറക്കാൻ അഭ്യസിച്ചു?
## ഇവരെ ഓർമ്മിപ്പിച്ചത് ഇതാണ്




**മുഖ്യമന്ത്രി കരുണാകരന്റെ കാറിന് കല്ലെറിഞ്ഞ് പ്രതിഷേധിച്ച**

# സഖാവ് രാമേട്ടൻ
# അടിയന്തിരാവസ്ഥയിലെ അറിയപ്പെടാത്ത പോരാളി

ദൃഢവിശ്വാസവും കാലത്തെയൊ പ്രയാസങ്ങളെയോ കൂസാത്ത ഇച്ഛാശക്തിയല്ലാതെ മറ്റൊരു സ്വാധീനവുമില്ലാത്ത സാധാരണക്കാരായ ജനങ്ങൾക്കിടയിലെ അറിയപ്പെടാത്ത ആളുകളിൽ നിന്നാണ് മഹത്തായ ദേശീയപ്രസ്ഥാനങ്ങൾ തുടങ്ങുന്നത്' മസീനിയുടേതാണീ നിരീക്ഷണം. അടിയന്തിരാവസ്ഥിലെ പോരാളിയെക്കുറിച്ച് ഓർക്കുമ്പോൾ ഈ പ്രസ്താവനയാണ് ഓർമ്മ വരിക. സാധാരണക്കാരിൽ സാധാരണക്കാരനായിരുന്ന കെ.ആർ. രാമനെന്ന സഖാവ് രാമേട്ടൻ. ചാലക്കുടിക്ക് അടുത്ത് ചൗക്ക ഗ്രാമത്തിൽ കാട്ടുപറമ്പിൽ രാമരുവിന്റെ മകനായി ജനിച്ച ഇദ്ദേഹം ഒരു ചിട്ടിക്കമ്പനി ജീവനക്കാരനായിരുന്നു. കല്ലേറ്റുകര റെയിൽവേ സ്റ്റേഷനടുത്തായിരുന്നു അടിയന്തിരാവസ്ഥക്കാലത്ത് സഖാവിന്റെ താമസം. കല്ലേറ്റുംകര, ആളൂർ, താഴെക്കാട്, കുഴിക്കാട്ടുശ്ശേരി പ്രദേശങ്ങളിൽ സി.പി.ഐ (എം.എൽ)ന്റെ പ്രവർത്തനം സജീവമായിരുന്നു. ഇതുകൊണ്ടുതന്നെ പൊലീസിന്റെ നിരീക്ഷണത്തിലായിരുന്നു ഈ പ്രദേശമെല്ലാം.

1976 ജനുവരി 26 ന് താഴെക്കാട് ബോംബ് സ്ഫോടനത്തിനുശേഷം ആ പ്രദേശത്തെല്ലാം പോലീസ് നരനായാട്ടായിരുന്നു. ഇതിനെതിരെ എന്തെങ്കിലും ചെയ്യാൻ ആ സഖാവിന്റെ മനസ്സ് വെമ്പി. പല സഖാക്കളുമായി കൂടിയാലോചന നടത്തിയെങ്കിലും ആരും മുന്നോട്ടുവന്നില്ല. കല്ലേറ്റുങ്കര റെയിൽവേ സ്റ്റേഷനിൽ നിന്നെടുത്ത കരിങ്കൽ ചീളുകളും ഒരു പുതിയ കത്തിയുമായി അദ്ദേഹം തിരുവനന്തപുരത്തേയ്ക്ക് വണ്ടികയറി. ചിട്ടിക്കമ്പനി തൊഴിലാളികളുടെ ദൈന്യതയെ കുറിച്ച് ഒരു മെമ്മോറാണ്ടം തയ്യാറാക്കി മാള എം.എൽ.എ കൂടിയായ കരുണാകരന് സമർപ്പിക്കാനും അതുവായിച്ചുകൊണ്ടിരിക്കുമ്പോൾ കത്തിയെടുത്ത് കുത്താനുമായിമായുന്നു സഖാവിന്റെ പദ്ധതി. പക്ഷേ അദ്ദേഹത്തിന് കരുണാകരനെ കാണാനോ നിവേദനം നൽകാനോ കഴിഞ്ഞില്ല. ദിവസങ്ങളോളം സെക്രട്ടറിയേറ്റിനു സമീപം കറങ്ങി നടന്ന രാമേട്ടനു മുമ്പിൽ ആഭ്യന്തരമന്ത്രി ...... പ്രത്യക്ഷപ്പെട്ടു. ജ്വലിച്ചുനിന്ന രോഷം കരിങ്കൽ ചില്ലിന്റെ ഏറായി കരുണാകരന്റെ കാറിന്റെ ചില്ലിൽ പതിച്ചു. പകച്ചിരിക്കുന്ന കരുണാകരനു മുമ്പിൽ 'തന്നെകൊല്ലാൻ ഞാനാണെറിഞ്ഞത് 'എന്നും പറഞ്ഞ് രാമേട്ടൻ പ്രത്യക്ഷപ്പെട്ടു. സെക്രട്ടറിയറ്റിന്റെ പ്രധാന കവാടത്തിൽ ആഭ്യന്തരമന്ത്രിക്കു നേരെ നടന്ന ഈ ആക്രമണം കേരളത്തെ ഞെട്ടിച്ചു. തീക്കട്ടയിൽ ഉറുമ്പരിച്ചതിന്റെ രോഷം രാമേട്ടനിൽ തീർത്തു. കൊടിയ മർദ്ദനങ്ങൾക്കിരയാക്കി തമിഴ്നാട് പോലീസിന് അദ്ദേഹത്തെ കൈമാറി. അടിയന്തിരാവസ്ഥ പിൻവലിച്ച ശേഷം തൃശൂർ ജില്ലയിലെ ആമ്പല്ലൂരിൽ പോളിടെക്നിക്കിനു സമീപം ചായക്കടക്കാരനായി. പിന്നീട് ഒരു ചെറിയ സോപ്പ്കമ്പനി തുടങ്ങി. അതിനുശേഷം മണ്ണംപേട്ടയിലേക്ക് ' രശ്മി ബാർ സോപ്പിന്റെ' കേന്ദ്രം മാറ്റി. പാർട്ടി സഖാക്കളുടെ ഒരു ഓഫീസായിരുന്നു ഈ കേന്ദ്രം. അന്യരെ സഹായിക്കുകയല്ലാതെ ആരോടും ഒരു സഹായവും വാങ്ങാൻ ഇഷ്ടമില്ലാത്ത ഒരു പ്രകൃതക്കാരനായിരുന്നു സഖാവ്.

പ്രായാധിക്യവും സുഖങ്ങളും ചെറുകിട സോപ്പുനിർമ്മാണത്തിന് പിടിച്ചുനിൽക്കാൻ കഴിയാത്തതുമെല്ലാം കൂടിയായപ്പോൾ അദ്ദേഹം എങ്ങോട്ടോ പടിയിറങ്ങി. സ്വന്തമായി സമ്പാദിച്ച നാല് സെന്റ് ഭൂമിയുടെ ആധാരവും വീടിന്റെ താക്കോലും അടുത്ത വീട്ടിലേല്പിച്ചാണ് അദ്ദേഹം ഇറങ്ങിത്തിരിച്ചത്. സി.പി.ഐ (എം.എൽ) റെഡ് ഫ്ളാഗ് സംസ്ഥാന സെക്രട്ടറിയുടെ പേരിൽ തന്റെ സമ്പാദ്യം അദ്ദേഹം എഴുതി വെച്ചിരുന്നു. ഏറെ അന്വേഷണത്തിനു ശേഷം അദ്ദേഹത്തെ തിരിച്ചു കൊണ്ടുവന്നെങ്കിലും അധികം വൈകാതെ വീണ്ടും എങ്ങോ പോയ് മറഞ്ഞു. ഇങ്ങനെ അറിയപ്പെടാതെ, നിസ്വാർത്ഥരായ, എത്രയെത്ര പോരാളികൾ.